# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2177 08.12.2014 ന് മറുപടിയ്ക്ക്

## മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം<br>**ശ്രീ. കെ. അജിത്ത്** | മറുപടി<br>**ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
|---|---|
| (എ) മുല്ലപ്പെരിയാറിലെ ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിവരെയായി ഉയർത്തുന്നതുമൂലം വെള്ളത്തിനടിയിലാവുന്ന വനഭൂമിയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾപ്പെടുമോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉൾപ്പെടും. പ്രസ്തുത പ്രദേശങ്ങളുടെ വിസ്തീർണ്ണം 568 ഹെക്ടർ ആണ് |
| (ബി) മുല്ലപ്പെരിയാർ കേസിന്റെ ഏതെങ്കിലും ഘട്ടങ്ങളിൽ വനം വകുപ്പ് കക്ഷിയാവുകയൊ വനഭൂമിക്കും പരിസ്ഥിതിക്കും ഉണ്ടാവുന്ന നാശം സുപ്രീം കോടതിയെയോ സർക്കാരിനെയൊ അറിയിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) മുല്ലപ്പെരിയാർ കേസിൽ അസ്സൽ വ്യവഹാരം 3/2006 ൽ കേരള സംസ്ഥാനവും, തമിഴ് നാട് സംസ്ഥാനവും ആണ് കക്ഷികൾ. വനം വകുപ്പ് നേരിട്ട് കക്ഷി ചേർന്നിട്ടില്ല. |
| (സി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നതു പ്രദേശത്ത് മാത്രം കാണപ്പെടുന്ന ഏതെങ്കിലും സസ്യജാലങ്ങളുടെയോ ജന്തുജാലങ്ങളുടേയോ വംശനാശത്തിനു കാരണമാവും | (സി) ഉണ്ട് |

| | |
|---|---|
| എന്ന് വനം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; | |
| (ഡി) മുല്ലപ്പെരിയാറിൽ ജലനിരപ്പുയരുന്നതുമൂലം വലിയൊരളവ് വനപ്രദേശത്തിനും അവിടുത്തെ സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ഉണ്ടാവുന്ന ആഘാതത്തെ സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ-യെന്നും ഇതു സംബന്ധിച്ച വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) ബഹു. സുപ്രീം കോടതിയിലേയ്ക്ക് ട്രാൻഫർ ചെയ്ത കേസുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പീച്ചി തയ്യാറാക്കിയ "Environmental & Social Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നു. |

Ajithab

സെക്ഷൻ ഓഫീസർ